പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം

# അക്കാദമിക് മാസ്റ്റർ പ്ലാൻ
# 2025-2026



## മാർ ഔഗേൻ മെമ്മോറിയൽ ഹയർസെക്കന്ററി സ്കൂൾ
## ചെങ്ങമനാട്

# മാർ ഔഗേൻ മെമ്മോറിയൽ

# ഹയർ സെക്കണ്ടറി സ്കൂൾ

ചെങ്ങമനാട്, കൊട്ടാരക്കര, കൊല്ലം ജില്ല 691557

ഫോൺ: 0474-2404325,9447451557

# സ്കൂൾ ചരിത്രം

# PROFILE

| | |
|---|---|
| Name of school | : M. A. M. H. S. S. Chengamanadu |
| Address | : M. A. M. H. S. S. Chengamanadu<br>Chengamanadu P. O., Kollam Dt. |
| Phone No | : 0474 - 2404325 |
| E-mail. ID | : 39044ktra@gmail.com |
| Panchayath | : Melila Grama Panchayath |
| Name of Headmistress | : PRIYA PAUL |
| Phone No | : 9447451537. |
| Name of Block | : Vettikavala |
| Name of Ednl. District | : Kottarakara |
| Name of Sub. District | : Kottarakara |

# ആമുഖം

മലങ്കര ഓർത്തഡോക്സ് സഭയുടെ പരമാദ്ധ്യക്ഷനായിരുന്ന പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതിയൻ കത്തോലിക്കാ ബാവ, സാമൂഹികവും, സാമ്പത്തികവുമായ പിന്നോക്കം നിൽക്കുന്ന മേലില ഗ്രാമപഞ്ചായത്തിൽ ചേത്തടി വാർഡിൽ ഒരു ഹൈസ്കൂൾ സ്ഥാപിക്കുവാൻ തീരുമാനിക്കുകയും തദനുസരണം കേരള ഗവൺമെന്റിൽ അപേക്ഷ നൽകുകയും 1932 ജൂൺ മാസത്തിൽ ചെങ്ങമനാട് ബേതലഹേം ആശ്രമത്തിൽ 8- ക്ലാസിൽ 2 ഡിവിഷനുമായി താൽക്കാലികമായി സ്കൂൾ ആരംഭിക്കുകയും 1933 ഫെബ്രുവരി മാസത്തിൽ ചെങ്ങമനാട് ചേത്തടി വാർഡിൽ പുതിയ ബഹുനില കെട്ടിടം പണിയുകയും അതിലേക്ക് മാർ ഔഗേൻ മെമ്മോറിയ ഹൈസ്കൂൾ (എം. എ. എം. എച്ച്. എസ്സ്) മാറ്റി സ്ഥാപിക്കുകയും ചെയ്തു. 1934 - ൽ ഇത് പൂർണ്ണ ഹൈസ്കൂളായി ഉയർത്തപ്പെടുകയും 2014 - ൽ ഇത് ഹയർ സെക്കണ്ടറിയായി അപ്ഗ്രേഡ് ചെയ്യുകയും ചെയ്തു. പരിപാവനമായ ഈ വിദ്യാലയത്തിൽ 6 അദ്ധ്യാപകരുടെ നേതൃത്വത്തി ശിക്ഷണത്തിലും 70 ഓളം വിദ്യാർത്ഥികൾ പഠനം നടത്തിവരുന്നു. അദ്ധ്യാപകേതര വിഭാഗത്തിൽ 4 ജീവനക്കാരും സേവനം അനുഷ്ഠിക്കുന്നു.

പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളിൽ അഭിമാനാർഹമായ രീതിയിൽ മുന്നേറുന്ന സ്കൂൾ 2023-2024 SSLC പരീക്ഷയിൽ 100% വും ഹയർ സെക്കണ്ടറി പരീക്ഷയിൽ 80% വിജയവും നേടിയിട്ടുണ്ട്. വിദ്യാഭ്യാസം കഴിഞ്ഞ് ഇറങ്ങുന്ന കുട്ടികൾ സമൂഹത്തിന്റെ വിവിധ തലങ്ങളിൽ അഭിമാനർഹമായ രീതിയിൽ ജീവിത വിജയം നേടി പ്രവർത്തിക്കുന്നു. ജീവിതത്തിന്റെ നാനാ മേഖലകളിലും ശോഭിക്കുന്ന വ്യക്തികൾ എം. എ. എം. എച്ച്. എസ്സിന്റെ മുഖമുദ്രകളാണ്.

# അക്കാദമിക പ്രവർത്തനങ്ങൾ

1. ആധുനിക സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തികൊണ്ടുള്ള സ്മാർട്ട് ക്ലാസ് റൂമുകൾ.

2. കുട്ടികളിലെ സർഗ്ഗവാസന കണ്ടെത്തി പരിപോഷിപ്പിക്കുന്നതിനുതകുന്ന പരിശീലനം.

3. പഠന പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനുവേണ്ടി അദ്ധ്യാപകർ പ്രവർത്തി സമയത്തിന് പുറമെ അധിക സമയം കണ്ടെത്തി ക്ലാസുകൾ നൽകുന്നു.

4. ലഹരി വിമുക്ത ബോധവൽക്കരണ ക്ലാസുകൾ കൂടുതൽ മെച്ചപ്പെടുത്തുന്നു.

5. കരിയർ ഗൈഡൻസ്, മെഡിക്കൽ ബോധവൽക്കരണ ക്ലാസുകൾ എന്നിവ ഊർജിതപ്പെടുത്തുന്നു.

6. വിവിധ ശിൽപ്പശാലകൾ നടത്തുന്നു.

7. IED - കുട്ടികൾക്കുള്ള പ്രതേക ട്രെയിനിംഗ് സൗകര്യം ഏർപ്പെടുത്തുന്നു.

# ചരിത്രം

മലങ്കര ഓർത്തഡോക്സ് സഭയുടെ കൊല്ലം ഭദ്രാസനാധിപൻ ആയിരുന്ന അഭിവന്ദ്യ മാത്യൂസ് മാർ കൂറീലോസ് തിരുമേനി, (പിന്നീട് സഭയുടെ പരമാധ്യക്ഷൻ ആയിതീർന്ന പരിശുദ്ധ ബസേലിയോസ് മാർത്തോമ്മ മാത്യൂസ് ദ്വിതീയൻ കാതോലിക്ക ബാവ) സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്ന കൊല്ലം ജില്ലയിലെ കൊട്ടാരക്കര താലൂക്കിലെ മേലിലാ ഗ്രാമ പഞ്ചായത്തിലെ ചേത്തടി വാർഡിൽ കൊളശ്ശേരി മഠത്തിലെ പോറ്റിമാരിൽ നിന്നും 10/4,10/5,13/4,14/11,20/17 എന്നി സർവേ നമ്പരുകൾ ഉള്ള മൂന്നര ഏക്കർ സ്ഥലത്ത് ഒരു ഹൈസ്കൂൾ സ്ഥാപിക്കുവാൻ ആഗ്രഹിക്കുകയും അതിനായി അന്നത്തെ കേരളാ സർക്കാരിൽ അപേക്ഷ സമർപ്പിക്കുകയും ചെയ്തു. അതുവരെ ഒരു ഹൈ സ്കൂൾ പോലും ഇല്ലാതിരുന്ന മേലില ഗ്രാമ പഞ്ചായത്തിന്റെ സമഗ്ര വികസനത്തിന് ഇത് ആവശ്യമാണെന്ന് മനസിലാക്കിയ ബഹു. കേരളാ സർക്കാർ 1982 ൽ ഒരു ഹൈസ്കൂൾ അനുവദിച്ച് ഉത്തരവായി. അന്നത്തെ വിദ്യാഭ്യാസ മന്ത്രി ശ്രീ. ബേബി ജോണിന്റെയും കൊട്ടാരക്കര MLA ശ്രീ. ആർ ബാലകൃഷ്ണ പിള്ളയുടെ എല്ലാ പിന്തുണയും സഹായങ്ങളും ഇതിനു പിന്നിൽ ഉണ്ടായിരുന്നു.

1982 ജൂൺ മാസത്തിൽ മാർ ഔഗേൻ മെമ്മോറിയൽ ഹൈ സ്കൂൾ എന്ന പേരിൽ ചെങ്ങമനാട് ബെത്ലഹേം ആശ്രമത്തിൽ എട്ടാം ക്ലാസ്സിൽ രണ്ടു ഡിവിഷനുകളുമായി സ്കൂൾ താൽക്കാലികമായി പ്രവർത്തനം ആരംഭിച്ചു. ബഹു. പി.എം. കോശി അച്ചൻ ലോക്കൽ മാനേജർ ആയി നിയമിക്കപ്പെട്ടു. ശ്രീ. ടി. ജോർജ്ജ് കുട്ടി (HSA സോഷ്യൽ സയൻസ്) ടീച്ചർ ഇൻ ചാർജ്ജ് ആയും ഫിസിക്കൽ സയൻസ്, കണക്ക് എന്നീ വിഷയങ്ങൾക്ക് ഫുൾടൈം HSA മാരും മലയാളം ഹിന്ദി എന്നീ വിഷയങ്ങൾക്ക് പാർട്ട് ടൈം HSA മാരും നിയമിക്കപ്പെട്ടു. ഒരു പ്യൂൺ, ഒരു PTCM എന്നീ അധ്യാപകേതര ജീവനക്കാരെയും നിയമിച്ചു.

1983 ഫെബ്രുവരി മാസത്തിൽ ചെങ്ങമനാട് ചേത്തടി വാർഡിൽ സ്കൂളിന്റെ പുതിയ കെട്ടിടത്തിന്റെ പണി തീരുകയും സ്കൂൾ പുതിയ കെട്ടിടത്തിലേക്ക് മാറ്റി സ്ഥാപിക്കുകയും ചെയ്തു. 1984 ൽ ഇതൊരു പൂർണ്ണ ഹൈസ്ക്കൂൾ ആയി ഉയർത്തപ്പെടുകയും ശ്രീ. സി.എൽ.തങ്കച്ചൻ ആദ്യ ഹെഡ് മാസ്റ്റർ ആയി ചാർജ്ജ് എടുക്കുകയും ചെയ്തു. 1984 ൽ സെന്റ്. ഗ്രീഗോറിയോസ് ഹൈ സ്കൂൾ എന്നപേരിൽ ഈ സ്കൂളിന്റെ ഒരു ശാഖ കൊട്ടാരക്കര സെന്റ്. ഗ്രീഗോറിയോസ് കോളേജിനു സമീപം സ്ഥാപിക്കപ്പെട്ടു.

എട്ട്,ഒൻപത്,പത്തു ക്ലാസ്സുകളിൽ ആയി ആറു ഡിവിഷനുകൾ അനുവദിക്കപ്പെട്ട ഈ സ്കൂളിൽ നിന്നും 1985 മാർച്ചിൽ ആദ്യ ബാച്ച് വിദ്യാർഥികൾ എസ്സ്.എസ്സ്.എൽ.സി. പരീക്ഷ എഴുതുകയും മികച്ച വിജയം

കരസ്ഥമാക്കുകയും ചെയ്തു. ശ്രീ. സി.എൽ. തങ്കച്ചന്റെ മികവുറ്റ ഭരണ നേതൃത്വത്തിൽ അക്കാദമിക നേട്ടങ്ങൾ കൂടാതെ കലാ കായിക രംഗത്തും നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞു.

1988 ജൂൺ മാസം ശ്രീ. സി.എൽ. തങ്കച്ചനെ തുടർന്ന് ശ്രീ റ്റി. വൈ. കൊച്ചുമ്മൻ ഹെഡ് മാസ്റ്റർ ആയി ചാർജ്ജ് എടുക്കുകയും ചെയ്തു. തുടർന്ന് വിവിധ കാലഘട്ടങ്ങളിൽ ആയി ശ്രീ. എം. ജോർജ്ജ്കുട്ടി, ശ്രീമതി. ശ്യാമള റ്റി. തോമസ്, ശ്രീമതി. മേരി കോശി, ശ്രീമതി. പി.എ.സൂസമ്മ, ശ്രീമതി. റ്റി.ഏലിക്കുട്ടി, എന്നിവർ എച്ച്. എം. മാരായും ശ്രീ. എം. അച്ചൻകുഞ്ഞ്, ശ്രീമതി. ലിസ്സിമോൾ പി.വൈ. എന്നിവർ പ്രിൻസിപ്പൽ ഇൻ ചാർജ്ജ് മാരായും സേവനം അനുഷ്ഠിച്ചു. 2005 ഒക്ടോബർ 25നു മാത്യൂസ് ദ്വിതീയൻ ബാവ സ്ഥാനത്യാഗം ചെയ്തതിനെ തുടർന്ന് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മ ദിദിമോസ് പ്രഥമൻ ബാവ സ്കൂളിന്റെ മാനേജർ സ്ഥാനം ഏറ്റെടുക്കുകയും ബാവ 2010 നവംബർ 1 നു സ്ഥാനത്യാഗം ചെയ്തതിനെ തുടർന്ന് പരിശുദ്ധ ബസേലിയോസ് മാർത്തോമ പൌലോസ് ദ്വിതീയൻ കാതോലിക്ക ബാവ സ്കൂൾ മാനേജർ ആയി പ്രവർത്തിച്ചു. പരിശുദ്ധ ബാവ തിരുമനസ്സിന്റെ ക്രിയാത്മകമായ ഇടപെടലുകൾ മൂലം 2014 ജൂൺ മാസത്തിൽ ഈ സ്കൂൾ ഹയർ സെക്കണ്ടറി ആയി ഉയർത്തപ്പെട്ടു. 13.03.2015 ൽ പുതിയ ഹയർ സെക്കണ്ടറി കെട്ടിടത്തിനു പരിശുദ്ധ ബസേലിയോസ് മാർത്തോമ പൌലോസ് ദ്വിതീയൻ കാതോലിക്ക ബാവ തിരുമനസുകൊണ്ട് തറക്കല്ല് ഇടുകയും പണി ആരംഭിക്കുകയും ചെയ്തു. സയൻസ്, കോമേഴ്സ് വിഷയങ്ങളിൽ ഓരോ ബാച്ചുകൾ വീതം അനുവദിക്കപെട്ടു. 11.01.2017 ൽ കെട്ടിടത്തിന്റെ താഴത്തെ നിലയുടെ പണിപൂർത്തീകരിച്ചു പരിശുദ്ധ കാതോലിക്ക ബാവ തിരുമനസുകൊണ്ട് കൂദാശ ചെയ്തു ഹയർ സെക്കണ്ടറി ക്ലാസ്സുകൾ ഭാഗീകമായി പ്രവർത്തനം ആരംഭിച്ചു. 2018 നവംബർ 26നു പണി പൂർത്തീകരിച്ച ബഹുനില കെട്ടിടത്തിന്റെ പൂർണ്ണ കൂദാശാ കർമ്മം രാഷ്ട്രീയ സാമൂഹിക സാംസ്കാരിക നേതാക്കന്മാരുടെ സാന്നിധ്യത്തിൽ പരിശുദ്ധ ബസേലിയോസ് മാർത്തോമ പൌലോസ് ദ്വിതീയൻ കാതോലിക്ക ബാവ തിരുമനസിന്റെ മുഖ്യ കാർമ്മികത്വത്തിലും കൊട്ടാരക്കര ഭദ്രാസനാധിപൻ അഭിവന്ദ്യ ഡോ. യുഹാനോൻ മാർ തെവോദോറോസ് തിരുമേനിയുടെ സഹ കാർമ്മികത്വത്തിലും നടത്തപെടുകയും ഹയർ സെക്കണ്ടറി ക്ലാസ്സുകൾ പൂർണ്ണമായും പുതിയ കെട്ടിടത്തിൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.

നിലവിൽ മാനേജരായിരിക്കുന്ന അഭി.ഡോ.യൂഹാനോൻ മാർ ദിയസ്കോറോസ്,മാനേജ്മെന്റ് കറസ്പോണ്ടൻ ശ്രീ.പുന്നൂസ്.എ എന്നിവരുടെ നേതൃത്വത്തിൽ സ്കൂളിന്റെ അക്കാദമികവും ഭൗതീകവുമായ കാര്യങ്ങൾ മികച്ച രീതിയിൽ നടന്നുവരുന്നു.

# മേഖല - ഹൈസ്കൂൾ - മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| 1) ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1. പ്രീ ടെസ്റ്റ്<br>2. അക്ഷരം ഉറപ്പിക്കൽ<br>3. അടയാളം ഉറപ്പിക്കൽ<br>4. അക്ഷര കാർഡ് നൽകൽ<br>5. വാക്കുകൾ എഴുതിയ കാർഡ്<br>6. വാക്കുകൾ നിർമ്മിക്കുക<br>7. വാക്യങ്ങൾ നിർമ്മിക്കൽ<br>8. ചിത്രം - അടിക്കുറിപ്പ്<br>9. ചിത്രം - കഥ എഴുതൽ<br>10. ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ്<br>11.വാക്കുകൾ നൽകി അതിലെ മാത്രം അക്ഷരങ്ങൾ എടുത്ത് കൊണ്ട് പുതിയ വാക്കുകൾ | 2 മാസം, (ആഗസ്ത്, സെപ്തംബർ) | പുസ്തകങ്ങൾ, ചിത്രങ്ങൾ | പി.ടി.എ. അധ്യാപകർ |
| 2) കുട്ടിയെ മികച്ച വായനക്കാരനാക്കുക. | 1. ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>2. സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>3. സമീപ ഗ്രന്ഥശാല അംഗത്വം<br>4. വായനോത്സവം സംഘടിപ്പിക്കൽ<br>5. പ്രതവായന<br>6. പുസ്തക ചർച്ച<br>7. വായനാനുഭവം<br>8. വായനാക്കുറിപ്പ് പതിപ്പ്<br>9. വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം<br>10. ദിനാചരണം<br>11. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം<br>12. ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും<br>13. ആസ്വാദകരമായ വായന<br>14. ഇ- വായന<br>15. പുസ്തകത്തെ പറ്റിയുള്ള അഭിപ്രായം രേഖപ്പെത്തൽ<br>16.എഴുത്തുകാർക്ക് കത്ത്<br>17അഭിമുഖം | 6 മാസം | ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി, പത്രങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ, ഇന്റർനെറ്റ്, കമ്പ്യൂട്ടർ | പി.ടി.എ. അധ്യാപകർ |

## മേഖല - ഹൈസ്കൂൾ - മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| 3) കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | 1. എഴുത്തുകൂട്ടം രൂപീകരണം<br>2. പുസ്തക ചർച്ച<br>3. വായനക്കുറിപ്പ്, പതിപ്പ്<br>4. വിവിധ സാഹിത്യശാഖകൾ പരിചയപ്പെടൽ<br>5. ചുമർ പത്രിക, പതിപ്പ് തയ്യാറാക്കൽ<br>6. സർഗസൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ<br>7. വ്യക്തിഗത രചന, സംഘ രചന<br>8. ഭാഷ പ്രോജക്ട്<br>9. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം, സംവാദം<br>10. സാഹിത്യ- സാംസ്കാരിക ചിത്ര ഗാലറി<br>11. കൈയ്യെഴുത്ത് മാസിക | 6 മാസം | ലൈബ്രറി, പുസ്തകങ്ങൾ, ഫോട്ടോകൾ, പുസ്തകങ്ങൾ | പി.ടി.എ, അധ്യാപകർ |
| 4) സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക | 1. പ്രസംഗ പരിശീലന കളരി<br>2. വിവിധ വിഷയങ്ങൾ നൽകി പ്രസംഗം തയ്യാറാക്കുക<br>3. മികച്ച പ്രസംഗങ്ങളുടെ ഓഡിയോ, വീഡിയോ എന്നിവ കേൾപ്പിക്കുന്നു<br>4. പ്രസംഗം അവതരിപ്പിക്കുന്നതിനുള്ള വേദികൾ സജ്ജമാക്കുക<br>5. നാടക കളരി | | | |

## മേഖല - ഹൈസ്കൂൾ - ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്താൻ പ്രാപ്തരാക്കുക. | Spoken English Class<br>English Library നവീകരണം.<br>English Corner Story Time<br>English Cartoon പ്രദർശനം<br>English Assembly | ജൂൺ ബുധനാഴ്ചകളിൽ 1.1.5pm - 1.45 pm<br>തിങ്കളാഴ്ചകളിൽ | പി.ടി.എ. ടീച്ചേർസ് | പി.ടി.എ. മാനേജ്മെന്റ് |
| 2) ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക | Cinema & Documentary- Profile & Script തയ്യാറാക്കുന്നതിനുവേണ്ടി English Cinema യുടെ ചിലരംഗങ്ങൾ പ്രദർശിപ്പിക്കുന്നു. | ക്ലാസ് റൂം പ്രവർത്തനങ്ങളോടൊപ്പം | ടീച്ചേർസ് SRG | ഇംഗ്ലീഷ് ക്ലബ്ബ് മാനേജ്മെന്റ് |
| | Role play, English Day ആചരണം, Seminar ചർച്ചകൾ, പ്രശസ്തരായ ഇംഗ്ലീഷ് കവികളുടെ കവിതകൾ തിരഞ്ഞെടുത്ത് കോറിയോഗ്രാഫി തയ്യാറാക്കി ക്ലബ്ബ് അടിസ്ഥാനത്തിൽ ദൃശ്യാവിഷ്കാരം നടത്തുന്നു. | അക്കാദമിക വർഷം ജൂലൈ, നവംബർ | ഇംഗ്ലീഷ് അധ്യാപകർ | ഇംഗ്ലീഷ് ക്ലബ്ബ് പി.ടി.എ. |
| 3) സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക സ്വതന്ത്രമായ എഴുത്തിന് സജ്ജരാക്കുക | School English Voice, അക്ഷര കാർഡ്, പദകാർഡ്, വാക്യനിർമ്മാണത്തിനുള്ള കാർഡുകൾ<br>ചിത്രവായന, ലഘുകഥ നിർമ്മാണം, Public Speaking, Simply Games, English പത്രവായന, പദസമ്പാദനം, | ക്ലാസ് റൂം പ്രവർത്തനങ്ങളോടൊപ്പം | പി.ടി.എ,SRG, ടീച്ചേർസ് | ഇംഗ്ലീഷ് ക്ലബ്ബ് |
| | പത്രവാർത്തകൾ തയ്യാറാക്കൽ, എന്റെ ഡയറി, അസംബ്ലി ന്യൂസ് വായിക്കൽ, News reading competitions | ക്ലാസ് റൂം പ്രവർത്തനങ്ങൾ, അസംബ്ലി | പി.ടി.എ, ടീച്ചേർസ് | |

## മേഖല - ഹൈസ്കൂൾ - ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 4) നാടകീകരണം | English Assembly, Skit, Puppet Show, English Lab പാഠഭാഗങ്ങളിൽ നിന്ന് രംഗങ്ങൾ കണ്ടെത്തി Puppet Show, Skit, കഥാ പ്രസംഗം എന്നി തന്ത്രങ്ങളിലൂടെ അവതരിപ്പിക്കുന്നു. | ക്ലാസ് റൂം പ്രവർത്തനങ്ങൾ<br>ജനുവരി | പി.ടി.എ, SRG,ടീച്ചേർസ്<br>ഇംഗ്ലീഷ് ക്ലബ്ബ് | പി.ടി.എ<br>രക്ഷിതാക്കൾ |
| 5) കവിതാലാപനത്തിനും കവിത രചനയ്ക്കും പ്രാപ്തരാക്കുന്നു | ഇംഗ്ലീഷ് ഓഡിയോ കേൾക്കാനുള്ള അവസരം.<br>കവിതാരചന, ആലാപന മത്സരങ്ങൾ നടത്തുന്നു. ആസ്വാദനക്കുറിപ്പ് തയ്യാറാക്കുന്നു.<br>പ്രശസ്ത കവികളുമായുള്ള ആശയ വിനിമയവും സംവാദ സാധ്യതകളും പ്രയോജനപ്പെടുത്തുന്നു.<br>Book Reviews<br>രചനകളുടെ പ്രദർശനം (Magazine) | ക്ലാസ് പ്രവർത്തനങ്ങൾ ഓഗസ്റ്റ്,സെപ്റ്റംബർ<br>വർഷത്തിൽ രണ്ട് പ്രാവശ്യം ഒക്ടോബർ, നവംബർ | പി.ടി.എ, SRG,ടീച്ചേർസ്<br>പി.ടി.എ, SRG,ടീച്ചേർസ്<br>ഇംഗ്ലീഷ് അധ്യാപകർ | ഇംഗ്ലീഷ് ക്ലബ്ബ്<br>ഇംഗ്ലീഷ് ക്ലബ്ബ്<br>പി.ടി.എ, മാനേജ്മെന്റ് |
| 6) സാങ്കേതിക വിദ്യാസാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക | പ്രശസ്ത എഴുത്തുകാർ, നിരൂപകർ, വിവിധ മേഖലയിലെ പ്രശസ്ത വ്യക്തികൾ എന്നിവരുമായുള്ള അഭിമുഖവും വീഡിയോ കോൺഫറൻസ് എന്നിവ നടത്തുന്നു.<br>English fest, English film കാണാനുള്ള അവസരം | ജനുവരി<br>അക്കാദമിക വർഷത്തിൽ ഒന്ന് ജനുവരി | പി.ടി.എ, SRG,ടീച്ചേർസ്<br>ഇംഗ്ലീഷ് ക്ലബ്ബ് | പി.ടി.എ,SRG മാനേജ്മെന്റ് |

## മേഖല - ഹൈസ്കൂൾ - ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 7) സംവാദ സദസുകൾ സംഘടിപ്പിക്കുക | Native Speakers മൊത്ത് സമയം ചിലവഴിക്കാനും സംവാദം നടത്താനും സന്ദർഭങ്ങൾ ഒരുക്കുന്നു. | ഫെബ്രുവരി | പി.ടി.എ, SRG,ടീച്ചേർസ് | ഇംഗ്ലീഷ് ക്ലബ്ബ് പി.ടി.എ. |

## മേഖല - ഹൈസ്കൂൾ - സോഷ്യൽ സയൻസ്

| ലക്ഷ്യം. | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 1.സ്വാതന്ത്ര്യസമര നേതാക്കളുടെയും അവരുടെ ആദർശങ്ങളും മൂല്യങ്ങളും സംഭാവനകളും മനസിലാക്കുന്നു. | സ്വാതന്ത്ര്യസമര നേതാക്കന്മാരുടെ ജീവചരിത്രം ഉൾപ്പെടുത്തിയ Slide Show Presentasion അവതരിപ്പിക്കുന്നു. | 2 മാസം | സോഷ്യൽ സയൻസ് അധ്യാപകൻ |
| 2.ചരിത്രദിനങ്ങളും അതിന്റെ പ്രാധാന്യവും മനസിലാക്കുന്നു. | ചരിത്രപരമായി ബന്ധപ്പെട്ട ദിനങ്ങളുടെ ആഘോഷം ആചരിക്കുന്നു. | 2 മാസം | സോഷ്യൽ സയൻസ് അധ്യാപകൻ |
| 3.കുട്ടികളിൽ Map Reading skills കൂട്ടുന്നു. | 8, 9, 10 ക്ലാസിലെ കുട്ടികൾക്ക് ക്ലാസിൽ Map പ്രദർശിപ്പിക്കുവാനും അവരുടെ വിഷയവുമായി ബന്ധപ്പെടുത്തിയുള്ള പല Task കൾ നൽകുന്നു. | 2 മാസം | സോഷ്യൽ സയൻസ് അധ്യാപകൻ |
| 4. പുരാതന കാലഘട്ടത്തെക്കുറിച്ച് ഗവേഷണം നടത്തുന്നു. കൂടാതെ ചരിത്രപരമായ വസ്തുക്കളെക്കുറിച്ച് കുറിപ്പും തയ്യാറാക്കുന്നു. അറിവ് ലഭിക്കുന്നു. | ചരിത്രപരമായിട്ടുള്ള വസ്തുതകൾ ഉൾപ്പെടുത്തി ആൽബം തയ്യാറാക്കുന്നു. അതോടൊപ്പം അതുമായി ബന്ധപ്പെട്ടുള്ള കുറിപ്പും തയ്യാറാക്കുന്നു. | 3 മാസം | സോഷ്യൽ സയൻസ് അധ്യാപകൻ |
| 5. ചരിത്രപരമായ അറിവുകൾ മറ്റുള്ളവരുടെ കാഴ്ചപ്പാടുകൾ മനസിലാക്കുവാനും. കാലാകാലങ്ങളിലെ പുതിയ അറിവുകൾ നേടിയെടുക്കുവാനും സാധിക്കുന്നു. | ഒരോ ദിവസത്തേയും ചരിത്രപരമായി ബന്ധപ്പെട്ടുള്ള ന്യൂസ് പേപ്പർ കട്ടിംഗുകൾ Collect ചെയ്ത് ക്ലാസിൽ പ്രദർശിപ്പിക്കുന്നു. | 2 മാസം | സോഷ്യൽ സയൻസ് അധ്യാപകൻ |

# മേഖല - ഹൈസ്കൂൾ - സോഷ്യൽ സയൻസ്

| ലക്ഷ്യം. | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 6. പഠിതാക്കളിൽ സാമൂഹ്യമൂല്യം വളർത്തുന്നു. | പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ ഗ്രൂപ്പുകളായി തിരിച്ച് Innovative Learning Strategy ( കഥ, കവിത, നാടകം, മൽസരങ്ങൾ, കാർട്ടൂൺ, കഥാപ്രസംഗം ) യുടെ സഹായത്താൽ പഠനം പ്രദാനം ചെയ്യുന്നു. | 2 മാസം | സോഷ്യൽ സയൻസ് അധ്യാപകർ |
| 7. പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പഠനത്തിൽ താൽപ്പര്യം വർദ്ധിക്കുന്നു. | ചരിത്രപരമായ സിനിമകൾ ക്ലാസിൽ പ്രദർശിപ്പിക്കുന്നു. | 2 മാസം | സോഷ്യൽ സയൻസ് അധ്യാപകർ |
| 8. പഠിതാക്കളെ ചരിത്രാവ ബോധം ഉള്ളവരാക്കുക. ചരിത്രബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക. | ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. | ജൂൺ | സോഷ്യൽ സയൻസ് അധ്യാപകർ |
| 8. ജനാധിപത്യം ഒരു ജീവിത ശൈലിയാക്കി മാറ്റി എടു ക്കുക. പൗരബോധം, മൂല്യ ബോധം ഇവ വളർത്തുക. | സാമൂഹ്യശാസ്ത്രത്തിൽ അടിസ്ഥാനപരമായ അറിവുകൾ ഇല്ലാത്ത പഠിതാക്കളെ കേന്ദ്രീകരിച്ച് പ്രത്യേക മൊഡ്യൂളുകൾ തയ്യാറാക്കി പ്രത്യേക പഠന ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. | ജൂലൈ,ഓഗസ്റ്റ് | സോഷ്യൽ സയൻസ് അധ്യാപകർ |
| 9. സാമൂഹ്യശാസ്ത്രത്തിൽ പരിക്ഷണ നിരിക്ഷണം വളർത്തുക. | സാമൂഹ്യശാസ്ത്ര ലാബുകൾ ക്രമികരിക്കുന്നു. ആകാശ കാഴ്ചകൾ, കൗതുകം എന്നിവ ഉണർത്തുന്ന പ്രവർത്തനങ്ങൾ കാഴ്ച്ച വെക്കുന്നു. | സെപ്റ്റംബർ | സോഷ്യൽ സയൻസ് അധ്യാപകർ |
| 10. മതേതരത്വം, സഹിഷ്ണുത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തനത്തിലൂടെ വളരുക. സാമൂഹ്യ പരിഷ്കർത്താ ക്കളെ പരിചയപ്പെടുക. | ചരിത്രം ഉറങ്ങുന്ന മണ്ണിലൂടെ: സർവ്വേ, പ്രോജക്ട്, ചർച്ചകൾ, സംവാദം, ക്ലാസുകൾ, അഭിമുഖങ്ങൾ എന്നിവയിലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു. | ഒക്ടോബർ,നവംബർ | സോഷ്യൽ സയൻസ് അധ്യാപകർ |

## മേഖല - ഹൈസ്കൂൾ - സോഷ്യൽ സയൻസ്

| ലക്ഷ്യം. | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 11. ഭൂപട വായന കുട്ടികളിൽ വളർത്തുക, സ്ഥല നിർണ്ണയം നടത്തുവാൻ പഠിക്കുക എന്ന ലക്ഷ്യം, കൈവരിക്കുക. | ഭൂമിശാസ്ത്ര പരമായ കാര്യങ്ങൾ കുട്ടികളെ പഠിക്കാൻ സഹായിക്കുന്നു; ഭൂപട വായന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ച വെക്കുന്നു. അറ്റ്ലസ്, മാപ്പുകൾ, ഗ്ലോബ് എന്നിവ പരിചിത മാക്കുന്നു. | ഡിസംബർ | സോഷ്യൽ സയൻസ് അധ്യാപകൻ |
| 12. കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ ഉതകുന്ന പൊതുവിജ്ഞാനം വളർത്തുക. | സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവിജ്ഞാന മേഖല പരിപോഷിപ്പിക്കുന്ന ക്വിസുകൾ, ദിനാചരണങ്ങൾ, പ്രശ്നോത്തരി, സംവാദം എന്നിവയെക്കുറിച്ച് കൂടുതൽ വ്യക്തമായ ധാരണ നൽകുക, വീഡിയോ പ്രദർശനം, പ്രൊജക്ട് റും etc സിനിമ (ചരിത്ര സിനിമ പ്രദർശനം) | ജനുവരി | സോഷ്യൽ സയൻസ് അധ്യാപകൻ |
| 13. വ്യത്യസ്ത ഇനം മണ്ണിനെക്കുറിച്ചും, ജലാശയങ്ങളെക്കുറിച്ചും, കാറ്റുകൾ, സമുദ്രങ്ങൾ, പർവ്വതങ്ങൾ ഇവയെല്ലാം പരിചയപ്പെടുക എന്ന ലക്ഷ്യം. | വിവിധ മേഖലകളെക്കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്ന ചരിത്ര ലാബുകളുടെ ക്രമീകരണം. കണ്ടും കേട്ടും, തൊട്ടറിഞ്ഞും പഠനം ഹരമാക്കി മാറ്റുന്നു. | ഫെബ്രുവരി | സോഷ്യൽ സയൻസ് അധ്യാപകൻ |

## മേഖല - ഹൈസ്കൂൾ - സയൻസ്

| ലക്ഷ്യം. | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 1. മോഡലുകളുടെ നിർമ്മാണശേഷി കൗതുകം നിരീക്ഷണപാടവം എന്നിവ പരിപോഷിപ്പിക്കുന്നതിനുള്ള പ്രവർത്തനം | ലഘുപരീക്ഷണങ്ങൾ സഹപാഠികൾക്ക് മുൻപിൽ കുട്ടികൾ തന്നെ കാണിച്ചുകൊടുക്കാൻ അവസരം നൽകുന്നു മോഡലുകൾ നിർമ്മിക്കാൻ ആവശ്യമായ കാര്യങ്ങൾ പറഞ്ഞു കൊടുത്തു കുട്ടികളെ കൊണ്ട് മോഡൽ നിർമ്മിക്കുന്നു. | ജൂൺ മാസം | സയൻസ് അധ്യാപകർ |
| 2. ജീവിതസാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ വംശം നാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ | ജൈവവൈവിധ്യ കാവുകൾ സന്ദർശനം കണ്ടൽക്കാട് നിരീക്ഷണം പുഴയെ അറിയാൻ യാത്രകൾ | ജൂലൈ മാസം | സയൻസ് അധ്യാപകർ, സയൻസ് ക്ലബ്ബ് |
| 3. ശാസ്ത്ര വിസ്മയ ചുമർ | ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസിൽ നിർമ്മിക്കുന്നു. | ഓഗസ്റ്റ് മാസം | സയൻസ് അധ്യാപകർ, സയൻസ് ക്ലബ്ബ് |
| 4. ശാസ്ത്ര ലൈബ്രറി | കുട്ടികളിൽ ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുന്നതിനായി ക്ലാസുകളിൽ ശാസ്ത്ര ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി | സെപ്റ്റംബർ മാസം | സയൻസ് അധ്യാപകർ, സയൻസ് ക്ലബ്ബ് |
| 5. വിസ്മയ യാത | ഐസിടിയുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്ര സത്യങ്ങൾ, ശാസ്ത്രകാരന്മാരുടെ ജീവചരിത്രം, പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം. | ഒക്ടോബർ മാസം | സയൻസ് അധ്യാപകർ, സയൻസ് ക്ലബ്ബ് |

## മേഖല - ഹൈസ്കൂൾ - സയൻസ്

| ലക്ഷ്യം. | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 6. മുഖാമുഖം | ശാസ്ത്ര മേഖലയിലെ പ്രമുഖരായ വ്യക്തികളുമായി അഭിമുഖം നടത്തി നൂതന ശാസ്ത്ര ആശയവുമായി ബന്ധപ്പെട്ട സെമിനാർ സംഘടിപ്പിച്ച് പ്രബന്ധം തയ്യാറാക്കി അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു | നവംബർ മാസം | സയൻസ് അധ്യാപകൻ, സയൻസ് ക്ലബ്ബ് |
| 7. കുട്ടികളിൽ ശാസ്ത്ര അഭിരുചി വളർത്തൽ | സ്കൂൾതല സയൻസ്എക്സിബിഷൻ, ശാസ്ത്ര തത്വങ്ങൾ ലളിതമായ പരിക്ഷണങ്ങളിലൂടെയുള്ള കുട്ടികളുടെ അവതരണം,പരിക്ഷണ കളരി, പരിക്ഷണങ്ങൾ പൊതുസമൂഹത്തിനു മുൻപിൽ പ്രദർശിപ്പിക്കും. | ഡിസംബർ മാസം | സയൻസ് അധ്യാപകൻ, സയൻസ് ക്ലബ്ബ് |
| 8. ശാസ്ത്രമേളകളിൽ പൂർണ്ണ പങ്കാളിത്തം ഉറപ്പുവരുത്തൽ | മേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പരമാവധി പ്രോത്സാഹനം നൽകൽ | ജനുവരിമാസം | സയൻസ് അധ്യാപകൻ, സയൻസ് ക്ലബ്ബ് |
| 9. ശാസ്ത്ര ലാബ് നവീകരണം ശാസ്ത്ര ലാബിനെ കാലാനുസൃതമായി നവീകരിക്കൽ. | ഫിസിക്സ് കെമിസ്ട്രി ബയോളജി വിഷയങ്ങളുമായി ബന്ധപ്പെട്ട ഉപകരണങ്ങളും മറ്റ് സാമഗ്രികളും പ്രത്യേകം പ്രത്യേകം സജ്ജീകരിക്കൽ. | ഫെബ്രുവരി മാസം | സയൻസ് അധ്യാപകൻ, സയൻസ് ക്ലബ്ബ് |

## മേഖല - ഹൈസ്കൂൾ - ഗണിതം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ദൗതികം | ചുമതല | പിന്തുണ |
|---|---|---|---|---|---|
| 1.ഗണിതത്തിൽ അടിസ്ഥാനം ഉറപ്പിക്കുക. | ഗണിത ക്ലാസ്സ്,<br>ഗുണനപ്പട്ടിക,<br>സങ്കലനപ്പട്ടിക<br>ഇവ കളികളിലൂടെ. | ജൂൺ,<br>ജൂലൈ | നോട്ട്ബുക്ക്,ചാർട്ട്,മാർക്കർ | ഗണിത അധ്യാപിക | HM,PTA |
| 2. എണ്ണൽ സംഖ്യകളെ അറിയാൻ. | സങ്കലനം,വ്യവകലനം,<br>ഗുണനം,ഹരണം,<br>ഇവ(എണ്ണൽ സംഖ്യകൾ). | ഓഗസ്റ്റ്<br>സെപ്റ്റംബർ<br>,ഒക്ടോബർ | കല്ല്,മുത്ത്,പ്രകൃതിയിലെ വസ്തുക്കൾ | ഗണിത അധ്യാപിക | HM |
| 3.ഭിന്നസംഖ്യകളുടെ ആശയ ഉറപ്പിക്കാൻ. | .ഭിന്നസംഖ്യകളുടെ<br>വിവിധ ക്രിയകൾ. | നവംബർ,<br>ഡിസംബർ | നോട്ട്ബുക്ക്,ചാർട്ട് | ഗണിത അധ്യാപിക | HM |
| 4.ന്യൂനസംഖ്യകൾ എന്നാശയം. | ലാബ് പ്രവർത്തനങ്ങളിലൂടെയും ചുറ്റുപാടുകളിലൂടെയും. | ജനുവരി,ഫെബ്രുവരി | കാർഡുകൾ,മുത്തുകൾ | ഗണിത അധ്യാപിക | HM |
| 5.ഗണിതാഭിരുചി വർദ്ധിപ്പിക്കാൻ. | ഗണിത ക്വിസ്<br>ജ്യോമട്രിക് ചാർട്ട്<br>പതാക നിർമ്മാണം<br>നമ്പർ ചാർട്ട്<br>ഗണിത പാട്ടുകൾ,<br>കുസൃതി കണക്കുകൾ<br>ICT സാധ്യത. | ജൂലൈ<br>ജൂലൈ<br>ഓഗസ്റ്റ്<br>സെപ്റ്റംബർ<br>ഒക്ടോബർ<br>നവംബർ<br>നവംബർ | ചാർട്ട്പേപ്പർ,മാർക്കർ,<br>സ്കെച്ച് പേന ,പെൻസിൽ,ഇൻസ്ട്രുമെന്റ്<br>ബോക്സ്,etc... | ഗണിത അധ്യാപിക | HM |
| 6. കൃത്യത,സൂക്ഷ്മത ഇവ വർദ്ധിപ്പിക്കാൻ. | പ്രാക്ടിക്കൽ വർക്കുകൾ. | ഒക്ടോബർ<br>നവംബർ | ചാർട്ട്,കാർഡ് ബോർഡ്<br>പശ,കത്രിക | ഗണിത അധ്യാപിക | HM |

# മേഖല - ഹൈസ്കൂൾ - ഹിന്ദി

| ലക്ഷ്യം. | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 1.എല്ലാ കുട്ടികൾക്കും ഹിന്ദിഭാഷ ഫലപ്രദമായി വായിക്കുന്നതിനും എഴുതുന്നതിനും,സംസാരിക്കുന്നതിനുള്ള ശേഷി വികസിപ്പിക്കുന്നത്. | പഠനത്തിലേ കണ്ടെത്തൽ പ്രീ ടെക്സ്റ്റ് നടത്തി വിശകലം ചെയ്ത് മികവുകളും പരിമിതികളും കണ്ടെത്തുക. | ജൂൺ | ഹിന്ദി അധ്യാപിക |
| 2. സ്വതന്ത്രവായന വളർത്തുക. | പരിമിതികൾ പരിഹരിക്കുന്നതിനു ആവിശ്യമായ പ്രവത്തനങ്ങൾ നടപ്പിലാക്കാൻ അവസ്ഥ വിശകലനം ചെയ്ത് ഭാഷ കൈകാര്യം ചെയ്യുന്നതിനുള്ള ധാരണകുറുപ്പ്. | | ഹിന്ദി അധ്യാപിക |
| 3.വായന. | വായന (वाचन की बहार). | ജൂൺ | ഹിന്ദി അധ്യാപിക |
| 4. ഹൈസ്കൂളുകളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും പഠന ശേഷികൾ കൈവരിച്ചു എന്ന് ഉറപ്പാക്കുക. | ഹിന്ദി ക്ലാസ് ലൈബ്രറി വായന കാർഡ്,ലഘു വായന പുസ്തകം ചിത്രകഥ. | | ഹിന്ദി അധ്യാപിക |
| 5.എഴുത്ത്(ഹിന്ദി). | അധിക വായന നടത്തുന്ന കുട്ടികൾ പുസ്തകങ്ങളിൽ നിന്നുള്ള ഭാഗങ്ങൾ ബുക്കിൽ എഴുതുക ബാലഗീതങ്ങൾ കവിതകൾ എന്നിവ ശേഖരിക്കുന്നു പേപ്പറിൽ തയ്യാറാകുന്ന രചനകൾ കൂട്ടിച്ചേർത്ത് ക്ലാസ് മാസിക തയ്യാറാക്കുക. | ജൂലൈ | ഹിന്ദി അധ്യാപിക |
| 6. ഹിന്ദി ആസ്വാദനം. | വിദ്യാർത്ഥികൾക്ക് അവതരണ രംഗത്ത് ശോഭിക്കുന്നതിന് അവസരമൊരുക്കും. | ഓഗസ്റ്റ് | ഹിന്ദി അധ്യാപിക |
| 7. ദിനാചരങ്ങൾ. | ഹിന്ദി ദിനം,പരിസ്ഥിദിനം,ശിശുദിനം പ്രധാന്യമുള്ള ദിനങ്ങൾ ഹിന്ദി ഭാഷയിൽ പോസ്റ്റർ തയ്യാറാക്കി പ്രദർശിപ്പിക്കും. | സെപ്റ്റംബർ | ഹിന്ദി അധ്യാപിക |

## മേഖല - ഹൈസ്കൂൾ - ഹിന്ദി

| ലക്ഷ്യം. | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 8.ഹിന്ദി ക്ലബ്. | വിദ്യാലയത്തിലെ ഹിന്ദി ഭാഷ പ്രവത്തങ്ങൾ സുഗമായി നടത്തുന്നതിന് വിദ്യാർത്ഥികളുടെ കൂട്ടായ്മയായി ഹിന്ദി ക്ലബ് രൂപികരിക്കും. | ജൂൺ | ഹിന്ദി അധ്യാപിക |
| 9.ICT പ്രവർത്തനങ്ങൾ. | ഹിന്ദി പഠനത്തിന് സഹായകമായി ലഭിക്കുന്ന വിവിധ ദൃശ്യ സാമഗ്രികൾ വിദ്യാർത്ഥികളിൽ എത്തിക്കുന്നതിനായി വിവര സാങ്കേതിക വിദ്യ വിനിയോഗിക്കും. | ജൂലൈ | ഹിന്ദി അധ്യാപിക |
| 10. ഹൈസ്കൂൾ ക്ലാസ്സുകളിലെ എല്ലാ കുട്ടികളുടെയും ഹിന്ദി ഭാഷ വായിക്കാനും തെറ്റില്ലാതെ എഴുതാനും പ്രാപ്തരാക്കുക. | पत्र टीपणी എന്നി മേഘലകളിൽ 8-ക്ലാസ്സിൽ പ്രയാസമേറിയവ ലഘുകരിക്കുവാനുള്ള ഹൃസ്യമധ്യകാല, ദിർഘകാല പ്രവർത്തനപദ്ധതിക്കായി വിവിധ शिक्षण तंत्र ഉം युक्तियും സ്വികരിക്കുന്നു. ഇതിനായി स्रुती चर्चा वार्तालाप संगोष्ठी, भाषण ഇവ ഉപയോഗിക്കുന്നു ദിർഘകാലപദ്ധതി.<br><br>വായനയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി ഭാഷ ക്ലാസ്സ് സംഘടിപ്പിച്ച പ്രത്യേക മൊഡ്യൂളുലൂടെ കുട്ടികളുടെ ഹിന്ദി ഭാഷ പരമായി പിന്നോക്കാവസ്ഥ പരിഹരിക്കുന്നു ഇതിനായി വൈക്കുന്നേരങ്ങളിൽ പ്രത്യേക സമയം കണ്ടെത്തുന്നു. | ഒക്ടോബർ | ഹിന്ദി അധ്യാപിക |

## മേഖല - ഹൈസ്കൂൾ - ഹിന്ദി

| ലക്ഷ്യം. | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 11. എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ശേഷി വർദ്ധിപ്പിക്കുന്നു. | 9 ക്ലാസ്സിൽ പ്രയാസമേറിയ മേഖല യായ पटकथा, लेखन,वार्तालाप,स्किट वर्कशीट निर्माण എന്നി മേഖലകളിലൂടെ എളുപ്പത്തിൽ മനസിലാക്കാൻ സഹായിക്കുന്നു. | ജനുവരി | ഹിന്ദി അധ്യാപിക |
| 12. വ്യക്തിത്വ വികസനം കൈവരിക്കുക. | 10 ക്ലാസ്സിൽ विशेषण,वार्तालाप,डायरी തുടങ്ങിയമേഖലകൾ ലഖൂകരിക്കാനായി स्किट,खुली चर्चा തുടങ്ങിയ शिक्षण तंत्र പ്രയോജനപ്പെടുത്തുന്നു ഹിന്ദി വ്യാകരണം ഉദാഹരണങ്ങളിലൂടെ എളുപ്പത്തിൽ മനസിലാക്കാൻ സഹായിക്കുന്നു.<br><br>आलापन,शब्दाभ्यास,वाचन ,प्रतियोगिता रोलप्ले തുടങ്ങിയ शिक्षन तंत्र, युक्ति എന്നിവ പ്രയോജനപ്പെട്ടുത്തുന്നു सुरीली हिन्दी പ്രവർത്തങ്ങൾ നടത്തുന്നു चित्रकथा, वर्कशीट,वाचन सामग्रियाँ का निर्माण शिक्षन तंत्र പ്രയോജനപ്പെട്ടുത്തുന്നു. | | ഹിന്ദി അധ്യാപിക |


LOVE, LIGHT, LIFE
മാർ ഔഗേൻ മെമ്മോറിയൽ
ഹയർസെക്കന്ററി സ്കൂൾ
ചെങ്ങമനാട്